കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ് , ആലപ്പുഴ -688 001
ഫോൺ: 0477-2251349; ഇ മെയിൽ : prdalppy@gmail.com,
വെബ് സൈറ്റ് : www.prd.kerala.gov.in

| | | | | | |
|---|---|---|---|---|---|
| പത്രക്കുറിപ്പ് | 1 | 'ഭരണഭാഷ—മാതൃഭാഷ' | ഒക്ടോബർ | 11 | വെള്ളി |

# അരൂർ ഉപതിരഞ്ഞെടുപ്പ്: തിരഞ്ഞെടുപ്പ് ജോലിക്കാർക്കുള്ള പരിശീലനം തുടങ്ങി

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി പ്രിസൈഡിംഗ് ഓഫീസർമാർക്കും, ഫസ്റ്റ് പോളിംഗ് ഓഫീസർമാർക്കുമുള്ള ഒന്നാം ഘട്ട പരിശീലനം ആരംഭിച്ചു. 11,12 തീയതികളിലായി ആലപ്പുഴ ഗവ. ഗേൾസ് ഹയർ സെക്കറി സ്കൂളിലാണ് പരിശീലനം. നാൽപ്പത് പേരടങ്ങുന്ന നാല് ബാച്ചുകളിലായാണ് പരിശീലനം. നൂതനമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള വോട്ടിംഗ് യന്ത്രങ്ങളുടെ പ്രവർത്തനമാണ് പ്രധാന മായും പരിചയപ്പെടുത്തുന്നത്. മുൻപ് ഉപയോഗിച്ചിരുന്ന വോട്ടിംഗ് യന്ത്രങ്ങളിൽ നിന്നും ഏറെ മാറ്റമുള്ള എം3 മെഷീനുകളാണ് അരൂർ ഉപതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നത്. പ്രത്യേകം പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയ്നർമാരാണ് പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ എന്നിവർക്ക് പരിശീലനം നൽകുന്നത്. ജില്ല ട്രെയ്നിംഗ് നോഡൽ ഓഫീസർ അബ്ദുൾ റഷീദിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശീലനം നൽകുന്നത്.

# സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്: ഒക്ടോബർ 19ന് അദാലത്ത് നടക്കും

ആലപ്പുഴ: കുട്ടനാട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ തീർപ്പുകൽപിക്കാതെ കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപിക്കുന്നതിനായി ഒക്ടോബർ 19ന് അദാലത്ത് ന ടത്തും. അദാലത്തിൽ പങ്കെടുക്കുന്നതിനായി തിരിച്ചറിയൽ കാർഡും, മതിയായ രേഖകളുമായി അപേക്ഷകർ അന്നേദിവസം കുട്ടനാട് സബ് റീജിയണൽ

ട്രാൻസ്പോർട്ട് ഓഫീസിൽ ഹാജരാകണം.

# അരൂർ ഉപതിരഞ്ഞെടുപ്പ്: പള്ളിപ്പുറം എൻ.എസ്.എസ് കോളജിന് അവധി

ആലപ്പുഴ: അരൂർ നിയമസഭ മണ്ഡലത്തിലേക്കുള്ള ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇ.വി.എം/വി.വി.പാറ്റ് സ്ട്രോങ് റൂം, കമ്മീഷനിങ്, വോട്ടെണ്ണൽ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ചേർത്തല പള്ളിപ്പുറം എൻ.എസ്.എസ് കോളജിന് കമ്മീഷനിങ്, പോളിങ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം എന്നിവ നടക്കുന്ന ഒക്ടോബർ 15,16,17 തീയതികളിലും വോട്ടെടുപ്പ് നടക്കുന്ന 21 മുതൽ വോട്ടെണ്ണൽ നടക്കുന്ന 24വരെയും അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

# അദാലത്ത് ഇന്ന്

ആലപ്പുഴ: കുടിശ്ശികയുള്ള അണ്ടർ വാലുവേഷൻ കേസുകൾ (1986 മുതൽ 2017 മാർച്ച് 31വരെ രജിസ്റ്റർ ചെയ്തവ) തീർപ്പാക്കുന്നതിനായി ജില്ല ലീഗൽ സർവ്വീസ് അതോറിറ്റി ഈ മാസം 12ന് 10മണിക്ക് ആലപ്പുഴ ജില്ല കോടതിയിൽ അദാലത്ത് നടത്തും. ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം കേവലം മുദ്രവിലയുടെ 30 ശതമാനം മാത്രം ഒടുക്കി അണ്ടർവാല്യുവേഷൻ നടപടികളിൽ നിന്നും ഒഴിവാകാവുന്നതാണെന്ന് സബ് രജിസ്ട്രാർ അറിയിച്ചു. ഭാവിയിൽ നേരിടേി വരുന്ന റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവാകുവാൻ ഈ അവസരം പ്രയോജനപ്പെടുത്തണം.

# ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന സംസ്ഥാനത്തെ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സ്കൂളിൽ ലഭ്യമാകുന്ന അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ www.scholarship.itschool.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി ഒക്ടോബർ 31വരെ ഡാറ്റ എൻട്രി നടത്തും. അപേക്ഷഫോറത്തിന്റെ മാതൃകയും www.bcdd.kerala.gov.in, www.scholarship.itschool.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0484 2429130.

# കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി: ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ആലപ്പുഴ: കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ റവന്യൂ റിക്കവറി കുടിശിക തുകയ്ക്ക് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2019 നവംബർ മാസം 22 വരെ മൂന്നു മാസകാലത്തേക്ക് കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണെന്ന് ജില്ല വെൽഫെയർ **ഫണ്ട്** ഇൻസ്പെക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് വെൽഫെയർ **ഫണ്ട്** ഇൻസ്പെക്ടർ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0477- 2267751.

# പുരസ്കാരത്തിന് അപേക്ഷിക്കാം

ആലപ്പുഴ: മികച്ച സേവനം കാഴ്ചവെയ്ക്കുന്ന ഭിന്നശേഷി ജീവനക്കാർക്കും, ഭിന്നശേഷിക്കാർക്ക് തൊഴിൽനൽകുന്ന തൊഴിൽദായകരായ സ്ഥാപനങ്ങൾക്കും , ഭിന്നശേഷിക്കാർക്കായി സേവനം നടത്തുന്ന ക്ഷേമ സ്ഥാപനങ്ങൾക്കുമുള്ള സംസ്ഥാന അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. പൂരിപ്പിച്ച അപേക്ഷാ ഫോറം ഒക്ടോബർ 20 ന് മുൻപായി ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേതാണ്. അപേക്ഷാ ഫോറവും ,കൂടുതൽ വിവരങ്ങളും സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റായ www.swdkerala.gov.in ൽ ലഭ്യമാണ് ഫോൺ നമ്പർ . 04772253870.

_